# 9

# ആകാശത്തിന്റേയും ഭൂമിയുടേയും വിധി

*"കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും, അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും, മൂലപദാർത്ഥങ്ങൾ കത്തിയഴി കയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും" (2 പത്രൊസ് 3:10).*

മരിച്ചവരെല്ലാം ഉയിർത്തെഴുന്നേല്ക്കുകയും ജീവിച്ചിരിക്കുന്നവരെല്ലാം വിട്ടുപോകയും ചെയ്യുമ്പോൾ സൃഷ്ടിച്ചതായ ആകാശത്തിനും ഭൂമിക്കും എന്തു സംഭവിക്കും? സാധ്യതകളെ സംബന്ധിച്ച് പലരും അതിശയിക്കുന്നുണ്ട്: "ആകാശവും ഭൂമിയും അതിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ തന്നെ തുടരുമോ?"; "ആദാമും ഹവ്വയും പാപം ചെയ്യുന്നതിന് മുൻപ് ഏദെൻ തോട്ടമെന്ന പറുദീസയിലായിരുന്ന അവസ്ഥയിലേക്ക് ഭൂമി മാറ്റപ്പെടുമോ?" "അതോ ആത്മീയ ശരീരത്തിലേക്ക് മാറിയ ആത്മാക്കൾക്ക് വസിക്കത്തക്കവണ്ണം അതിനു രൂപാന്തരം സംഭവിക്കുമോ?" "അതോ ഒരു രൂപത്തിലും ആകാത്തവിധത്തിൽ അവ നശിച്ചുപോകുമോ?"

ആകാശത്തിന്റേയും ഭൂമിയുടേയും വിധിയെ കുറിച്ച് നാം ചർച്ച ചെയ്യുന്നതിനു മുൻപ് നാം ആ വാക്കുകളുടെ അർത്ഥം മനസിലാക്കണം. *ഷാമായിം* എന്ന എബ്രായ വാക്കും *ഔറാനോസ്* എന്ന ഗ്രീക്ക് വാക്കും തർജിമ ചെയ്തതാണ് "ആകാശം." *എറെറ്റ്* എന്ന എബ്രായ വാക്കും *ജെ* എന്ന ഗ്രീക്ക് വാക്കും തർജിമ ചെയ്തതാണ് "ഭൂമി."

മൂന്നു പ്രതലങ്ങൾക്ക് ബൈബിളിൽ ഉപയോഗിച്ച വാക്കുകളാണ് "ഹെവെൻ," "ഹെവെൻസ്," "സ്കൈ."[1] (2 കൊരിന്ത്യർ 12:2): (1) ഭൂമിക്കു ചുറ്റുമുള്ള അന്തരീക്ഷം (ഉൽപത്തി 11:4; 27:28;[2] ലൂക്കൊസ് 18:13); (2) ആകാശത്ത് ഉള്ളവയെല്ലാം വസിക്കുന്ന സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം (ഉൽപത്തി 1:1, 14–17; സങ്കീർത്തനങ്ങൾ 19:1);[3] (3) നിത്യവും, ഭൗതിക-മല്ലാത്തവയും ദൈവവും ദൈവത്തിന്റെ സ്വർഗീയ സൈന്യവും വസിക്കുന്നതായ പ്രതലം (ഉൽപത്തി 28:17; സങ്കീർത്തനങ്ങൾ 80:14; യെശയ്യാവ് 66:1; മത്തായി 5:12 നോക്കുക).

"ഭൂമി" എന്ന വാക്ക് പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത് നാം വസിക്കുന്ന ഗൃഹത്തെ ഉദ്ദേശിച്ച്, അല്ലെങ്കിൽ അതുണ്ടാക്കിയ വസ്തുവിനെ സൂചിപ്പിച്ചോ, മണ്ണ്, നിലം, വസ്തു എന്നീ അർത്ഥത്തിലോ ഉപയോഗിച്ചിട്ടുണ്ട്. അതിനെ "ലോകം" എന്നു തെറ്റിദ്ധരിക്കരുത് (ഗ്രീക്ക്: *കോസ്മോസ്*), അതു സൂചിപ്പിക്കുന്നത് സാധാരണ ഭൂവാസികളെയാണ് - മനുഷ്യരും, ദേശങ്ങളും, മനുഷ്യസംഘടനകളും - അല്ലെങ്കിൽ ലോകത്തിലെ പാപസ്വഭാവത്തെയും വ്യക്തമാക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്. "ഭൂമിയും" "ലോകവും"

തമ്മിലുള്ള നല്ലൊരു അന്തരം 2 പത്രൊസ് 3:5, 6-ൽ കൊടുത്തിട്ടുണ്ട്. “ലോകം” “വെള്ളത്താലും വെള്ളത്തിൽനിന്നുമുണ്ടാക്കിയതും” നോഹയുടെ കാലത്തുണ്ടായിരുന്നതുമായ ദുഷ്ടലോകത്തെ വെള്ളംകൊണ്ടു ദൈവം നശിപ്പിച്ചു, ഭൂമി നശിപ്പിച്ചില്ല. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുമ്പോൾ (1 യോഹന്നാൻ 2:15-17), ആകാശത്തിനും ഭൂമിക്കും, പ്രപഞ്ചത്തിനും എന്തു സംഭവിക്കും?

## എതിരായ വാദങ്ങൾ

ഭൂമി നശിച്ചുപോകാതെ എന്നേക്കുമുണ്ടായിരിക്കുമെന്ന് വാദിക്കുന്നവർ അതിനായി എടുക്കുന്ന വേദഭാഗങ്ങൾ ഇവയാണ്: സഭാപ്രസംഗി 1:4; യെശയ്യാവ് 45:18; മത്തായി 5:5.

“സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും” (മത്തായി 5:5) എന്നതു അവകുടെ വാദത്തെ സാധൂകരിക്കുവാൻ, ഇപ്പോഴത്തെ ഭൂമിക്ക് പകരം അതു ഭാവിയിൽ ലഭിക്കുന്നതാണെന്ന് പറയേണ്ടിവരും, അതിന് ഭൂമി എന്നേക്കും ഉണ്ടായിരിക്കും എന്ന് തെളിയിക്കേണ്ടി വരും. എന്നാൽ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുമെന്ന് വരുമ്പോൾ അവിടെ പറഞ്ഞിരിക്കുന്നത് ഇപ്പോഴത്തെ ഭൂമി ആണെന്നു വരുന്നു, അല്ലാതെ ഭാവിയിലുള്ള ഒരവസ്ഥയല്ല.

ഭൂമി സൃഷ്ടിക്കപ്പെട്ടത് “വസിപ്പാനാണ്” “വ്യർത്ഥമായിട്ടല്ല” അവൻ അതിനെ നിർമ്മിച്ചത് (യെശയ്യാവ് 45:18; കെജെവി) ഭൂമി ഒഴിഞ്ഞുപോകയില്ല എന്ന് അർത്ഥമാക്കുന്നില്ല. ഭൂമിയെ സൃഷ്ടിച്ചതു വെറുതെ ആയിട്ടുമില്ല, കാരണം അതു ആയിരക്കണക്കിന് വർഷങ്ങൾ വാസയോഗ്യമായിരുന്നിട്ടുണ്ട്. ഭൂമി “എന്നേക്കും” വസിക്കുവാനുള്ളതാണെന്ന് ആ വാക്യം പറയാത്തതുകൊണ്ട്, ഭൂമി ഒഴിഞ്ഞുപോകുകയില്ല എന്ന് അത് അർത്ഥമാക്കുന്നില്ല.

ഭൂമി ഒഴിഞ്ഞുപോകയില്ല എന്ന് തെളിയിക്കുന്ന വാക്യം സഭാപ്രസംഗി 1:4 ആണ്, അതു പറയുന്നത്, “ഒരു തലമുറ പോകുന്നു, മറ്റൊരു തലമുറ വരുന്നു, ഭൂമിയോ എന്നേക്കും നിൽക്കുന്നു.” (കൂടാതെ സങ്കീർത്തനങ്ങൾ 104:5 നോക്കുക). സങ്കീർത്തനങ്ങൾ 148:6 ൽ ആകാശവും എന്നേക്കും നിൽക്കുമെന്ന് പറയുന്നുണ്ട്. ആ വേദഭാഗം പറയുന്നതാണ് അതിന്റെ അർത്ഥമെന്ന് തോന്നുന്നുവെങ്കിൽ, ആകാശവും ഭൂമിയും എന്നേക്കും നിലനിൽക്കുമെന്ന സിദ്ധാന്തം തെളിയിക്കപ്പെടുകയും അതോടെ ആ അദ്ധ്യായം തീരുകയും ചെയ്യും. എന്നാൽ, തെളിവുകൾ അടുത്ത് പരിശോധിക്കേണ്ടിയിരിക്കുന്നു.

ആ വാക്യങ്ങൾ നിത്യമായ ആകാശത്തെയും ഭൂമിയെയും കുറിച്ചല്ല പറയുന്നത്. “എന്നേക്കും” എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഒലാം* എന്ന എബ്രായ വാക്കാണ് (യഹോവയുടെ സാക്ഷികൾ ഉപയോഗിക്കുന്ന ന്യുവേൾഡ് ട്രാൻസ്ലേഷൻ അനുസരിച്ച്, “ടു ടൈം ഇൻഡെഫനിറ്റ്” എന്നാണ്), അതു എല്ലായ്പോഴും “ഒരിക്കലും അവസാനിക്കാത്ത” എന്ന് അർത്ഥമാക്കുന്നില്ല, കാരണം അതു പലതിനോടു സൂചിപ്പിച്ചു പറഞ്ഞിട്ടുള്ളതെല്ലാം അവസാനിച്ചിട്ടുണ്ട്, അവസാനിക്കുന്നതുമാണ്.[4] ഒലാം എന്നതിന് “തുടർന്നുണ്ടാകുക,” അല്ലെങ്കിൽ നിത്യമായി ഉണ്ടായിരിക്കുക എന്ന് അർത്ഥമാക്കാതെ “കാലാവസാനം വരെ ഉണ്ടാകുക” എന്നാണ് സൂചന. അക്കാരണത്താൽ ആ വാക്യങ്ങൾ പറയുന്നത് ഒരു പ്രത്യേക കാലത്തേക്കാണോ അതോ

നിത്യത മുഴുവനുമാണോ എന്ന് പരിശോധിക്കുവാൻ മറ്റുവിവരങ്ങൾ കൂടെ നമുക്ക് വേണം. "അയാൾ അത് എപ്പോഴും പറയുന്നതാണ്" അല്ലെങ്കിൽ "അയാൾ അത് എന്നും ചെയ്യുന്നതാണ്" എന്നു പറയുന്നതിന് നാം "ഫോർ എവർ" എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. അത്തരം പ്രയോഗത്താൽ, അത് അയാൾ നിത്യത മുഴുവൻ പറയുമെന്നോ ചെയ്യുമെന്നോ നാം അർത്ഥമാക്കുന്നില്ല; മറിച്ച് അയാൾ അതു തുടർന്നുകൊണ്ടിരിക്കുന്നു എന്നാണ് നാം അർത്ഥമാക്കുന്നത്.

താഴെ കൊടുത്തിരിക്കുന്ന വേദ ഭാഗങ്ങളിൽ, *ഒലാം* എന്നതു തർജിമ ചെയ്തിരിക്കുന്നത്, "ഫോർ എവർ," "എവർലാസ്റ്റിങ്ങ്," "പെർപെച്ചൽ," അല്ലെങ്കിൽ "ഫോർ ലൈഫ്" എന്നിവക്ക് ഒന്നും നിത്യമായ എന്ന അർത്ഥമില്ല:

(1) പരിഛേദന ഉടമ്പടി *ഒലാം* ആയിരുന്നു (ഉൽപത്തി 17:7, 8, 13, 19), എന്നാൽ ഇന്ന് അത് കെട്ടപ്പെട്ടിട്ടില്ല (ഗലാത്യർ 5:2, 6; 6:15).

(2) പെസഹാ പെരുന്നാൾ *ഒലാം* ആയിരുന്നു (പുറപ്പാട് 12:14, 17, 24), എന്നാൽ പുതിയനിയമ ക്രിസ്ത്യാനികൾ ആഘോഷിക്കേണ്ട ഒന്നല്ല.

(3) മനസുള്ള ഒരു എബ്രായ ദാസൻ അല്ലെങ്കിൽ എബ്രായൻ-അല്ലാത്ത ഒരു ദാസൻ തന്റെ യജമാനനെ *ഒലാം* ആയി സേവിക്കേണ്ടിയിരുന്നു (പുറപ്പാട് 21:6; ലേവ്യാപുസ്തകം 25:45, 46); എങ്ങനെയായാലും, മരണശേഷം ദാസൻ യജമാനനിൽനിന്നു സ്വതന്ത്രനാകും (ഇയ്യോബ് 3:19).

(4) അഹരോന്റെ മക്കൾ വിശുദ്ധസ്ഥലം സൂക്ഷിക്കേണ്ടതും പൗരോഹിത്യവസ്ത്രം ധരിക്കേണ്ടതും *ഒലാം* ആയിരുന്നു (പുറപ്പാട് 27:21; 28:43; 29:9). പൗരോഹിത്യം മാറിയപ്പോൾ അതു നിന്നുപോയി (എബ്രായർ 7:12).

(5) അഹരോന്റെ മക്കൾക്ക് യാഗം കഴിച്ച വസ്തുക്കളുടെ ഒരു ഓഹരി ലഭിക്കേണ്ടത് *ഒലാം* ആയിരുന്നു (പുറപ്പാട് 29:28; ലേവ്യാപുസ്തകം 7:34, 36). മൃഗയാഗം നിന്നുപോയി.

(6) വർഷാന്തര പ്രായശ്ചിത്തയാഗം കഴിക്കേണ്ടത് *ഒലാം* ആയിരുന്നു (ലേവ്യാപുസ്തകം 16:34). അത് ഇന്ന് പരിശീലനത്തിലില്ല.

ആ വേദഭാഗങ്ങളെല്ലാം ഉദാഹരണങ്ങൾ മാത്രമാണ്, എന്നാൽ ഒലാം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് "അവസാന-മില്ലാത്ത" എന്നർത്ഥമുള്ള "എറ്റേണൽ" എന്നല്ല അർത്ഥമാക്കുന്നത് എന്നറിയുവാൻ അവ ധാരാളം മതി. എന്നാൽ അത് നിത്യമായ എന്ന അർത്ഥത്തിലും ഉപയോഗിക്കുവാൻ കഴിയും, ഉദാഹരണത്തിന് ദൈവം (പുറപ്പാട് 15:18; സങ്കീർത്തനങ്ങൾ 90:2), ഒലാം എന്നതു അവസാനിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നതെന്ന് മറ്റു വേദഭാഗങ്ങൾ കാണിക്കുന്നു. ആ ഭാഗങ്ങളിൽ ഒലാം അർത്ഥമാക്കുന്നത്, "തുടരൽ," അല്ലെങ്കിൽ "കാലാ-വസാനം വരെ," അല്ലാതെ "നിത്യമായ" എന്ന അർത്ഥം വരുന്നില്ല. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നു ബൈബിൾ പറയുമ്പോൾ, അതുമായുള്ള ബന്ധത്തിൽ ഒലാം എന്ന് ഉപയോഗിച്ചിരിക്കുന്നത് മനസിലാക്കേണ്ടത് "നിത്യമായ" എന്നല്ല, മറിച്ച് "കാലാ-വസാനം വരെ" എന്നാണ്.

### വാദഗതികൾ

ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. എങ്ങനെയായാലും, പഴയ നിയമത്തിൽ ഈ വിഷയത്തെ കുറിച്ചു

കുറച്ചു പറയുന്നുണ്ട്. ഭൂമി എന്നേക്കും നിലനിൽക്കുകയില്ല എന്ന് ഉൽപത്തി 8:22 പറയുന്നു:

> ഭൂമിയുള്ള കാലത്തോളം.
> വിതയും കൊയ്ത്തും,
> ശീതവും ഉഷ്ണവും,
> വേനലും വർഷവും,
> രാവും പകലും,
> നിന്നുപോകയില്ല.

ഭൂമി എന്നേക്കും നിലനിൽക്കുമെങ്കിൽ, അവിടെ പറഞ്ഞിരിക്കുന്നവ ഒരു നാളും നിന്നുപോകയില്ല. ഭൂമി എന്നേക്കും നിലനിൽക്കുന്നില്ലെങ്കിൽ, ഭൂമി ഉള്ള കാലത്തോളമേ അവ എല്ലാം ഉണ്ടാകു. ഭൂമിയുടെ അവസാനം ഈ വാക്യത്തിൽ അന്തർലീനമാക്കിയിട്ടില്ല.

സങ്കീർത്തനങ്ങൾ 102 പുതിയനിയമത്തിൽ ഉദ്ധരിച്ചത് (എബ്രായർ 1:10–12) പറയുന്നു:

> കർത്താവേ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നില നില്ക്കും; അവ എല്ലാം വസ്ത്രം പോലെ പഴകി പോകും; ഉടുപ്പ് പോലെ നീ അവയെ മാറ്റും. വസ്ത്രം പോലെ അവ മാറി പോകും; നീയോ അനന്യൻ, നിന്റെ സംവൽസരങ്ങൾ അവസാനിക്കയുമില്ല (സങ്കീർത്തനങ്ങൾ 102:25–27; ആർഎസ്വി).

ആ വേദഭാഗം ചൂണ്ടിക്കാണിക്കുന്നത് ആകാശവും ഭൂമിയും (1) നശിക്കും, (2) പഴകും, (3) വസ്ത്രം പോലെ മാറും, (4) നീങ്ങി പോകും. "നശിക്കുക" എന്ന വാക്ക് *അബാഡ്* തർജിമ ചെയ്തതാണ്, അർത്ഥം, "നശിക്കുക" അല്ലെങ്കിൽ "ഇല്ലാതാകുക" എന്നത് "തീയിങ്കൽ മെഴുക് ഉരുകുന്നതുപോലെ നീ ദുഷ്ടന്മാർ ദൈവസന്നിധിയിൽ നശിക്കുന്നു" എന്നതുപോലെയാണ് (സങ്കീർത്തനങ്ങൾ 68:2). തീയിൽ മെഴുക് ഉരുകി ഇല്ലാതാകുന്നതുപോലെ, ദുഷ്ടന്മാർ ദൈവസന്നിധിയിൽ നശിച്ചുപോകുന്നു. ആകാശത്തിനും ഭൂമിക്കും അതാണ് സംഭവിക്കുന്നത്, പക്ഷെ ദൈവം അങ്ങനെയല്ല, അവന്റെ സംവൽസരങ്ങൾ എന്നേക്കുമുള്ളതാകുന്നു.

ആകാശവും ഭൂമിയും അവസാനിക്കുമെന്ന വേദഭാഗം പഠിപ്പിക്കുന്നതു മനസിലാക്കുവാൻ ചിലർക്ക് കഴിയുന്നില്ല. കാരണം അതു പറയുന്നു, "നീ അവയെ മാറ്റും" (സങ്കീർത്തനങ്ങൾ 102:26; ആർഎസ്വി). ആകാശത്തെയും ഭൂമിയെയും അവൻ മാറ്റം വരുത്തി മറ്റൊരു രൂപത്തിലാക്കുമെന്നാണ് അവർ കരുതുന്നത്. എങ്ങനെയായാലും, വാക്യം പറയുന്നു, "ഉടുപ്പുപോലെ നീ അവയെ മാറ്റും" ഒരാൾ തന്റെ മുഷി-ഞ്ഞ വസ്ത്രം മാറിയാൽ അയാൾ അതിനെ എന്തു ചെയ്യും? അയാൾ അതിനെ നശിപ്പിക്കും. ആകാശത്തെയും ഭൂമിയേയും മാറ്റുന്നത്, മുഷിഞ്ഞ വസ്ത്രം, മാറ്റി, കളയുകയോ, നശിപ്പിക്കുകയോ ചെയ്യുന്നതുപോലെയാണ്.

അവരുടെ തർജിമ (ന്യു വേൾഡ് ട്രാൻസ്ലേഷൻ) യഹോവയുടെ സാക്ഷി

കളുടെ ഉപദേശത്തിന് വിരുദ്ധമാണെങ്കിലും, അതിൽ ആ വാക്യം പറയുന്നത് ഇങ്ങനെയാണ്, ''അവ സ്വയം ഇല്ലാതാകും, എന്നാൽ നീയോ എന്നേക്കും നിൽക്കും; ഉടുപ്പുപോലെ അവയെല്ലാം മുഷിഞ്ഞുപോകും, വസ്ത്രം പോലെ നീ അവയെ മാറ്റും, അവയുടെ കാലം തീരും'' (സങ്കീർത്തനങ്ങൾ 102:26). തീർച്ചയായും, ആ വാക്യം പറയുന്നത്, ആകാശവും ഭൂമിയും, ഒഴിഞ്ഞുപോകും, പഴകിപോകും, മാറ്റപ്പെടും എന്നാണ്.

പുതിയനിയമം ആ വിഷയത്തെ എടുത്തിരിക്കുന്നു. യേശു പറഞ്ഞു, ''ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്നാൽ എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:35). "ന്യായപ്രമാണത്തിൽ ഒരു പുള്ളി ഒഴിഞ്ഞുപോകുന്നതിനേക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം" എന്നും യേശു പറഞ്ഞതുകൊണ്ട് ചിലർ ആ വാക്യത്തെ മൃദുലപ്പെടുത്തുന്നുണ്ട് (ലൂക്കൊസ് 16:17). ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ, മത്തായി 24:35: അതായത് ന്യായപ്രമാണത്തിൽ ഒരു പുള്ളി ഒഴിഞ്ഞുപോകുന്നതിനേക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം എന്നതും അർത്ഥം തന്നെയാണെന്നാണ് അവർ തീർച്ചയാക്കുന്നത്. എങ്ങനെയായാലും, ആ രണ്ടു പ്രസ്താവനകളും ഒരേ അർത്ഥത്തിലുള്ളതല്ല. ഒരേ സന്ദർഭത്തിലുമുള്ളതല്ല. അതുകൊണ്ട് അവ ഓരോന്നും അവിടെ പറയുന്നതാണ് മനസിലാക്കേണ്ടത്, അല്ലാതെ ഒന്നു മറ്റൊന്നിനെ യോഗ്യമാക്കുകയല്ല. സൃഷ്ടിച്ചതായ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാണ് കർത്താവ് അർത്ഥമാക്കിയത്. കർത്താവിന് എതിരായി നിന്ന് ആർക്ക് ശരിയാകുവാൻ കഴിയും?

യേശു പഠിപ്പിച്ച അതേ സത്യം പൗലൊസും പഠിപ്പിക്കയുണ്ടായി. അവൻ എഴുതി, ''കാണുന്നതിനെയല്ല, കാണാത്തതിനെയത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താൽക്കാലികം, കാണാത്തതോ നിത്യം'' (2 കൊരിന്ത്യർ 4:18). എന്നേക്കും ഉണ്ടാകാത്തതിന്റെ അന്തരം പൗലൊസ് എടുത്തുകാണിക്കുന്നുണ്ട് - കണ്ണിനു കാണുന്നത് - കണ്ണുകൾ കൊണ്ട് കാണുവാൻ കഴിയാത്തതാണ് - നിത്യമായവ. ഭൂമിയടക്കമുള്ള ഭൗതികപ്രപഞ്ചം, നമുക്ക് കാണാവുന്നതാണ്; അതുകൊണ്ട്, അതു താൽക്കാലികമാണ്.[5] ആത്മിയ കാര്യങ്ങൾ കാണുവാൻ കഴിയാത്തതാണ്; അതുകൊണ്ട്, അവ നിത്യമാണ്.

ഹഗായിയുടെ പുസ്തകം ഉദ്ധരിച്ച് എബ്രായലേഖകൻ ദൈവത്തിന്റെ വാഗ്ദാനം വിവരിക്കയുണ്ടായി:

> "അവന്റെ ശബ്ദം അന്നു ഭൂമിയെ ഇളക്കി"; ഇപ്പോഴോ, "ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും" എന്ന് അവൻ വാഗ്ദത്തം ചെയ്തു. ഇനി ഒരിക്കൽ എന്നത് ഇളക്കമില്ലാത്തതു നിലനിൽക്കേണ്ടതിന്ന് നിർമ്മിതമായ ഇളക്കമുള്ളതിന്ന് മാറ്റം വരും എന്നു സൂചിപ്പിക്കുന്നു (എബ്രായർ 12:26, 27).

ഇളകുന്ന വസ്തുക്കൾ - സൃഷ്ടിക്കപ്പെട്ട ആകാശവും ഭൂമിയും - ആ വേദഭാഗമനുസരിച്ചു നീങ്ങപ്പെടും.

രണ്ടു പത്രൊസ് 3:7-13 ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതിന്റെ പൂർണ്ണ വിവരണം നൽകുന്നു: "ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ

വചനത്താൽ തീക്കായി സൂക്ഷിച്ചിരിക്കുന്നു" (വാക്യം 7). "ആകാശം കൊടു മ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകയും ചെയ്യും" (വാക്യം 10); "ഇങ്ങനെ സകലവും അഴിഞ്ഞുപോകുവാനിരിക്കുന്നു" (വാക്യം 11); "ആകാശം ചുട്ടഴിവാനും മുലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ളത്!" (വാക്യം 12).

ഭൂമിയുടെ അന്ത്യത്തെ കുറിച്ച് വെളിപ്പാട് പുസ്തകം അവസാനിപ്പിക്കു മ്പോൾ പറയുന്നത്, "ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്ന് ആകാശവും ഭൂമിയും ഓടിപ്പോയി ..." (20:11); "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി, സമുദ്രവും ഇനി ഇല്ല" (21:1). ഇപ്പോഴത്തെ ആകാശവും ഭൂമിയും ആണ് ഒന്നാമത്തേത്, അത് പുതുക്കുകയോ, ആദിയിലെ അവസ്ഥയിലാ ക്കുകയോ, പറുദീസയാക്കിമാറ്റുകയോ, അല്ലെങ്കിൽ ആത്മീയർക്ക് വസിക്ക ത്തക്കതാക്കുകയോ ഇല്ല. അവ കത്തി ഇല്ലാതാകും. ഞാൻ അവയെ പുതുക്കും എന്ന് ദൈവം പറഞ്ഞിട്ടില്ല. യോഹന്നാൻ രേഖപ്പെടുത്തിയിരി ക്കുന്നു, "'ഇതാ ഞാൻ സകലവും പുതുതാക്കുന്നു' എന്ന് സിംഹാസന ത്തിലുള്ളവൻ അരുളിച്ചെയ്യുന്നു" (വെളിപ്പാട് 21:5). ദൈവം ആത്മീയർക്ക് വസിപ്പാൻ ഒരു പുതിയ ഭൗതിക-മല്ലാത്ത വാസസ്ഥലം ഒരുക്കും (1 കൊരിന്ത്യർ 15:44).

**ഉപസംഹാരം**

വസിക്കുവാനായിരുന്നു ദൈവം ഭൂമിയെ സൃഷ്ടിച്ചത്. അവൻ ആകാ ശത്തെ വിരിച്ചത് അവന്റെ മഹത്വത്തെ വർണ്ണിപ്പാനും (സങ്കീർത്തനങ്ങൾ 19:1) അടയാളങ്ങൾക്കും കാലങ്ങൾക്കും വേണ്ടിയായിരുന്നു (ഉൽപത്തി 1:14). അതിന്റെ രൂപം കണ്ടാൽ നീണ്ടു നിലനിൽക്കുമെന്ന് തോന്നുമെങ്കിലും, ദൈവം അതിനെ നിർമ്മിച്ചത് ചെലവഴിക്കുന്നതും, കത്തിപ്പോകുന്നതുമായ വസ്തുക്കളാലാണ്. ദൈവം താരസമൂഹത്തിലും, നക്ഷത്രങ്ങളിലും, ഭൂമി യിലും ഊർജ്ജം പുറത്തു വിടുമ്പോൾ, ഭൗതിക വസ്തുക്കളെല്ലാം അതോടെ തീരും. ആ സമയത്ത് വലിയോരു ശബ്ദത്തോടെ എല്ലാം അപ്രത്യക്ഷമാ കും. നോഹയുടെ കാലത്ത് ദൈവം ജലപ്രളയത്താൽ ലോകത്തെ നശിപ്പി ക്കുമെന്ന് പറഞ്ഞതുപോലെ ചെയ്തു. അതുപോലെ അവൻ ഇനി ആകാശ ത്തെയും ഭൂമിയേയും തീകൊണ്ട് നശിപ്പിപ്പാൻ വെച്ചിരിക്കുന്നു എന്ന വാഗ്ദാനം അവൻ *നിറവേറ്റും* (2 പത്രൊസ് 3:5-7). പ്രപഞ്ചത്തിലെ ഭൗതിക യാഥാർത്ഥ്യങ്ങളെല്ലാം അവസാനിക്കും, നിലനിൽക്കുന്നതു ആത്മികം മാത്രം. നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു, "ഇങ്ങനെ ഇവ ഒക്കെയും അഴി ഞ്ഞുപോകുവാനുള്ളതാകയാൽ, നാം എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം" (2 പത്രൊസ് 3:11, 12).

---

കുറിപ്പുകൾ

[1]എൻഏഎസ്ബി, എൻഐവി തുടങ്ങിയവയിൽ, ചിലപ്പോൾ "സ്കൈ" എന്നാണ്

ഉപയോഗിച്ചിട്ടുള്ളത്. [2]കൂടാതെ ഉൽപത്തി 7:23; 8:2 നോക്കുക; കെജെവി. [3]കൂടാതെ പ്രവൃത്തികൾ 2:19 നോക്കുക; കെജെവി. [4]ഒലാം എന്ന വാക്കിന്റെ കൂടുതൽ വിവരങ്ങൾക്ക്, "നിത്യമായ പ്രതിഫലവും ശിക്ഷയും" എന്ന പാഠം നോക്കുക. [5]"ടെംപോറൽ" എന്നതിന്റെ ഗ്രീക്ക് വാക്ക് *പ്രോസ്കൈറോസ്*, മറ്റൊരു ഭാഗത്ത് തർജിമ ചെയ്തത് "ടെംപെററി" എന്നാണ് (മത്തായി 13:21; മർക്കൊസ് 4:17) പിന്നെ "കടന്നുപോകുന്നത്" (എബ്രായർ 11:25). [6]ചില പുരാതന കയ്യെഴുത്തു പ്രതികളിലെ വാക്യം 10 ൽ "ഡിസ്കവേർഡ്" എന്നായതുകൊണ്ടാണ് ന്യൂ വേൾഡ് ട്രാൻസ്ലേഷനിൽ അങ്ങനെ വായിക്കുന്നത്. കയ്യെഴുത്തു പ്രതിയുടെ അടിസ്ഥാനത്തിൽ "ഡിസ്കവേർഡ്" എന്നായാൽ പോലും, "വെന്തുപോകുമെന്നതിനു" പകരം അതിനെ നീതീകരിക്കുകയാണ് (2 പത്രൊസ് 3:10) പക്ഷെ ആ വേദഭാഗത്തിലെ മറ്റു പ്രസ്താവനകൾ സൂചിപ്പിക്കുന്നത് ഭൂമി അടക്കമുള്ള പ്രപഞ്ചം വെന്തു പോകുമെന്നാണ്. "വെന്തുപോകും" എന്നതിന് പകരം "ഡിസ്ക്കവേർഡ്" എന്നുപയോഗിച്ചാൽ ആ വ്യാഖ്യാനം മറ്റു വേദഭാഗങ്ങളുമായി വൈപരീത്യമുളവാക്കും. കാരണം ഭൂമിയിലുള്ളതൊക്കെയും അവസാനം തീക്കിരയാകും. ഭൂമി എന്നേക്കുമുള്ളതാണ് എന്ന് മനുഷ്യൻ വിചാരിക്കുന്നുണ്ടെങ്കിലും, അതു താല്ക്കാലികമാണ്, അതുകൊണ്ടു ഭൂമി നശിക്കുമ്പോൾ "ഡിസ്ക്കവേർഡ്" എന്നു ഉപയോഗിക്കുന്നതും ഇല്ലാതാകും.